## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2392**

**08.05.2017-ന് മറുപടിയ്ക്ക്**

## <u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായിട്ടുള്ള മികവിന്റെ കേന്ദ്രങ്ങളായി പരിഗണിക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ പ്രവർത്തന ഭരണാനുമതി കിഫ്ബി മുഖേന എന്നുമുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിന്റെ ഭാഗമായി കിഫ്ബി ഒന്നാം ഘട്ടഭരണാനുമതി നൽകുന്നതിനായി കമ്മിറ്റി കൂടുന്ന തീയതി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, മികവിന്റെ കേന്ദ്രങ്ങളായി പരിഗണിക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ പ്രവർത്തന ഭരണാനുമതി 2017 ആഗസ്റ്റ് മുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ട ഭരണാനുമതി നൽകുന്നതിനായി കിഫ്ബിയുടെ കമ്മിറ്റി ഉടനെ കൂടുമെന്ന് കരുതുന്നു. |
| (ബി) | ആദ്യ ഘട്ടമെന്നനിലയിൽ എത്ര സ്കൂളുകളാണ് ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്; കൂടുതൽ സ്കൂളുകളെ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ആദ്യ ഘട്ടമെന്നനിലയിൽ 37 സ്കൂളുകളെയാണ് ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) തയ്യാറാക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ അംഗീകാരത്തിനായി കൂടുതൽ സ്കൂളുകളെ പരിഗണിക്കുന്നതാണ്. |
| (സി) | ആയിരത്തിലേറെ കുട്ടികളുള്ള എല്ലാ സ്കൂളുകളും മികവിന്റെ കേന്ദ്രമായി പ്രഖ്യാപിക്കുമോ; ഇതിന്റെ മാനദണ്ഡമെന്താണ്; വിശദവിവരം നൽകുമോ? | (സി) | നിയോജക മണ്ഡലം എം.എൽ.എയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ നിയോജക മണ്ഡലങ്ങൾക്കും പരിഗണന നൽകിക്കൊണ്ട് മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് അനുമതി നൽകി യിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ